"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- കേരള ഫയർ & റെസ്ക്യൂ സർവ്വീസസ്-ശബരിമല തീർത്ഥാടനം 2025-26 ബന്തവസ്സ് ഡ്യൂട്ടിയ്ക്കായി നിയോഗിക്കുന്ന വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾക്ക് മുൻകൂർ ധനാനുമതി നല്കി ഉത്തരവാകുന്നു.

---

**ആഭ്യന്തര (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.4159/2025/HOME    തീയതി,തിരുവനന്തപുരം, 01-12-2025

---

പരാമർശം:-

1. സ.ഉ (പി) നം.102/2017/ധന തീയതി 07.08.2017
2. ധനകാര്യ വകുപ്പിന്റെ 23.10.2019 ലെ 87/2019/ധന നമ്പർ സർക്കുലർ.
3. ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പ് ഡയറക്ടർ ജനറലിന്റെ 01.11.2025 ലെ FIREHQ/1562/2025-F3 നമ്പർ കത്ത്

**ഉത്തരവ്**

2025-26 വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് സന്നിധാനം പമ്പ, നിലയ്ക്കൽ, പ്ലാപ്പള്ളി, എരുമേലി, പന്തളം, ഉപ്പപാറ എന്നിവിടങ്ങളിൽ വിവിധ നിലയങ്ങളിലെ അഗ്നിശമന വാഹനങ്ങളും ഉപകരണങ്ങളും ബന്തവസ്സ് ഡ്യൂട്ടിയ്ക്കായി നിയോഗിക്കാറുണ്ടെന്നും വിവിധ ഫയർ & റെസ്ക്യൂ സ്റ്റേഷനുകളിൽ നിന്നുമാണ് പ്രസ്തുത സ്ഥലങ്ങളിലേയ്ക്ക് വാഹനങ്ങളും ഉപകരണങ്ങളും നിയോഗിക്കുന്നതെന്നും ബന്തവസ്സ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്ന വാഹനങ്ങൾക്കും ഉപകരണങ്ങൾക്കും അപ്രതീക്ഷിതമായി ഉണ്ടാകാനിടയുള്ള അറ്റകുറ്റപ്പണികൾ കാര്യക്ഷമമായ ബന്തവസ്സ് ഡ്യൂട്ടിയെ ബാധിക്കാനിടയുണ്ടെന്നും ആകയാൽ പ്രസ്തുത വാഹനങ്ങളുടേയും ഉപകരണങ്ങളുടേയും അറ്റകുറ്റപ്പണികൾക്കായി 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) മുൻകൂർ ധനാനുമതിയായി അനുവദിക്കണമെന്നും പരാമർശം (3) ലെ കത്ത് പ്രകാരം ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പ് ഡയറക്ടർ ജനറൽ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന വ്യവസ്ഥയിൽ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ബന്തവസ്സ് ഡ്യൂട്ടിയ്ക്കായി നിയോഗിക്കുന്ന വാഹനങ്ങൾക്കും ഉപകരണങ്ങൾക്കും അറ്റകുറ്റപ്പണികൾക്കായി 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) മുൻകൂർ ധനാനുമതി അനുവദിക്കുന്നതിനും ആയത് 2070-00-108-98-01-21-2-റിപ്പയർ & മെയിന്റനൻസ്' എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU T S
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള,
തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (28-11-2025 ലെ 3336023/Exp-B4/107/2025-Fin പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Ratheesh G R
Date: 02-12-2025 11:38:34
സെക്ഷൻ ഓഫീസർ